കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

**സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505**

Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 22/2023

11.09.2023

[redacted]

സഖാക്കളെ,

വിവിധ വിഷയങ്ങൾ വിവരിച്ചുകൊണ്ട് സംഘടന സർക്കുലർ ഇറക്കുമ്പോൾ അനുയോജ്യമായ തലക്കെട്ടും കൊടുക്കാറുണ്ട്. ബാങ്ക് ബിസിനസ്സ് നടത്തിപ്പിൽ മാനേജ്മെന്റ് മുന്നോട്ടുവെക്കുന്ന ചില നയങ്ങളുമായി ബന്ധപ്പെട്ട ഈ സർക്കുലറിന് അനുയോജ്യമായ തലക്കെട്ടാണ് മുകളിൽ കാണുന്നത്.

നിക്ഷേപങ്ങൾ സ്വീകരിച്ച് ആവശ്യക്കാർക്ക് വായ്പകൾ നൽകി അത് കൃത്യമായി തിരിച്ചു പിടിക്കുന്ന സംവിധാനമാണ് ബാങ്ക്. ആയതുകൊണ്ട് തന്നെ നിക്ഷേപസമാഹരണം മുതലുള്ള മുഴുവൻ ബാങ്കിംഗ് ജോലികളും ഏറ്റവും കാര്യക്ഷമമായി നടത്താൻ മുഴുവൻ ജീവനക്കാരോടും നാം ആഹ്വാനം ചെയ്യുന്നു.

എന്നാൽ എന്താണ് ഇങ്ങനെ ഒരു സർക്കുലർ ഇപ്പോൾ ഇറക്കാൻ കാരണം എന്ന് തോന്നുന്നുണ്ടോ? അത് മറ്റൊന്നുമല്ല, നമ്മുടെ മാനേജ്മെന്റ് നടത്തുന്ന ചില 'ബുദ്ധിപരമായ നീക്കം' കാരണം മാത്രമാണ്. കുറച്ചു നാളുകൾക്കു മുന്നേ ചെയർമാൻ സംഘടനകളുടെ ഒരു മീറ്റിംഗ് വിളിച്ചു ചേർത്തു. ആ മീറ്റിംഗിൽ പറഞ്ഞത്, നമ്മുടെ ബാങ്കിന് CASA മാത്രമാണ് കുറവായി ഉള്ളത്. സ്ഥിരനിക്ഷേപങ്ങൾക്ക് ഒരു കുറവും ഇല്ല. 5000 കോടി രൂപ വേണമെങ്കിലും വായ്പയായി നൽകാൻ എന്റെ കയ്യിൽ പണം ഉണ്ട്. ഒന്നു വിരൽ ഞൊടിച്ചാൽ NABARD വഴിയും മറ്റു ബാങ്കുകൾ വഴിയും ഒക്കെ ഇഷ്ടം പോലെ പണം കിട്ടാനുണ്ട്. ഇങ്ങനെ തുടർന്ന് CASA മാത്രമാണ് നമുക്ക് കൂടുതലായി നേടിയെടുക്കാൻ ഉള്ളത് എന്നു പറഞ്ഞവസാനിപ്പിക്കുകയായിരുന്നു അദ്ദേഹം.

**ഗുരുവായൂർ ബ്രാഞ്ചുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ:**

ബാങ്ക് അത്യാവശ്യം ഭേദപ്പെട്ട നിലയിൽ മുന്നോട്ട് പോകുമ്പോഴാണ് ഏമാന്മാരുടെ തലയിൽ ഒരു ബുദ്ധി ഉദിക്കുന്നത്. കയ്യിലുള്ള bulk deposit എല്ലാം അങ്ങ് ചെത്തിക്കളയാം. ഏതാണ്ട് ഒരു മൂന്നു നാല് ആഴ്ച പുറകോട്ട് പോയാൽ നമ്മുടെ ബാങ്കിലെ ഏറ്റവും വലിയ ഇടപാടുകാരിൽ ഒന്നായ 'ഗുരുവായൂർ ദേവസ്വം' 300 കോടിയോളം രൂപ നിക്ഷേപമുള്ള സംവിധാനമാണ്. അവിടെ നിക്ഷേപം കിട്ടണമെങ്കിൽ ഭണ്ഡാരം കൗണ്ടിംഗ് ഡ്യൂട്ടി ചെയ്യണം എന്നാണ് വ്യവസ്ഥ. കഴിഞ്ഞ വർഷം ഈ ഡ്യൂട്ടിക്ക് നേതൃത്വം കൊടുത്ത ചില ഉദ്യോഗസ്ഥർക്ക് നല്ല 'പാരിതോഷികം' ആണ് മാനേജ്മെന്റിൽ നിന്നും ലഭിച്ചത്. അത്തരമൊരവസ്ഥ ഇത്തവണ ഉണ്ടാവാതിരിക്കാൻ അതീവ ജാഗ്രതയോടെ ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായി. എന്നാൽ മാനേജ്മെന്റിന്റെ 'സർജിക്കൽ സ്ട്രൈക്ക്' ഇത്തവണയും ചാട്ടവാർ പോലെ വന്നു പതിച്ചു. കൗണ്ടിംഗ് ഡ്യൂട്ടി ചെയ്യാൻ വരുന്ന ചെലവ് എല്ലാ ബാങ്കുകളും സ്വന്തം നിലയ്ക്കാണ് വഹിക്കുന്നത് എങ്കിൽ നമ്മുടെ ബാങ്കിൽ മാത്രം അത് ജീവനക്കാരുടെ പോക്കറ്റിൽ നിന്ന് പോകും. പകുതി തുക മാത്രമേ ബാങ്ക് വഹിക്കുകയുള്ളൂ. ഇതെന്തു നീതി എന്ന് ചോദിച്ചാൽ 'ഇവിടങ്ങനാണ് ഭായ്' എന്നാവും മറുപടി. കഴിഞ്ഞ തവണത്തെ ദുരനുഭവം ഉണ്ടാവാതിരിക്കാൻ കൗണ്ടിംഗ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം വിവരിച്ച് ബ്രാഞ്ച് തലം മുതൽ വളരെ നേരത്തെ എഴുതിയ കത്തിന് മുകളിൽ മാനേജ്മെന്റ് അടയിരുന്നു. ഏറ്റവും അവസാന നിമിഷമാണ് ചോദിച്ച തുക നൽകാൻ കഴിയില്ല എന്നുപറഞ്ഞ് ഈ അപേക്ഷ പകുതി നിരസിച്ചത്.

എന്നാൽ, കൗണ്ടിംഗ് ഡ്യൂട്ടി ചെയ്യാൻ വളരെ നേരത്തെ ജീവനക്കാരുടെ ലിസ്റ്റ് കൊടുക്കേണ്ടിയിരുന്ന ഗുരുവായൂർ അമ്പലത്തിൽ ഏറ്റവും അവസാനം, നമുക്ക് ഈ ഡ്യൂട്ടി ഏറ്റെടുക്കാൻ കഴിയില്ല എന്ന്

karline29.deviantart

പറയിക്കുന്ന അവസ്ഥയിലേക്ക് മാനേജ്മെന്റ് കെടുകാര്യസ്ഥത നമ്മുടെ ബാങ്കിനെ കൊണ്ടുചെന്നെത്തിച്ചു. തുടർന്ന് ഗുരുവായൂർ ദേവസ്വം അതിരൂക്ഷമായ നിലയിൽ നമ്മുടെ ബാങ്കിനോട് പ്രതികരിക്കുന്ന അവസ്ഥയിൽ വരെ കാര്യങ്ങൾ ചെന്നെത്താൻ ഇത് കാരണമായി. കൗണ്ടിംഗ് ഡ്യൂട്ടി ചെയ്തില്ലെങ്കിൽ നമ്മുടെ ബാങ്കിനെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുമെന്ന് വരെയായി കാര്യങ്ങൾ. ഒടുക്കം കൗണ്ടിംഗ് ഡ്യൂട്ടി നമുക്ക് തന്നെ ചെയ്യേണ്ടി വന്നു. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയെത്തുടർന്ന് ഗുരുവായൂർ ദേവസ്വവുമായുള്ള ബന്ധം വഷളായി. അവിടെയും തീർന്നില്ല, നമ്മുടെ മാനേജ്മെന്റിന്റെ ഈ ആറ്റിട്യൂഡ് നിലവിൽ നമ്മുടെ ബാങ്കിൽ ഉണ്ടായിരുന്ന 120 കോടി രൂപ നിക്ഷേപം നഷ്ടപ്പെടാനും കാരണമായി. ഈ തുക പൂർണ്ണമായും പോയിരിക്കുന്നത് കനറാ ബാങ്കിലേക്കാണ് എന്നതിനേക്കാൾ നമ്മെ അത്ഭുതപ്പെടുത്തുന്ന വസ്തുത, നമ്മുടെ ബാങ്ക് quote ചെയ്ത 7.67% എന്ന തുല്യമായ നിരക്ക് quote ചെയ്തു കൊണ്ടാണ് പകുതി തുക പോയത് എന്നും ബാക്കി പകുതി തുക അതിനേക്കാൾ വെറും 0.01% നിരക്കും quote ചെയ്തു കൊണ്ടാണ് എന്നതാണ്. ഇതെങ്ങനെയാണ് സംഭവിക്കുക എന്ന് മുഴുവൻ ജീവനക്കാരും ആലോചിക്കുകയും ചർച്ച ചെയ്യുകയും വേണം. നമ്മുടെ ബാങ്കിൽ ബാക്കിയുള്ള തുകയ്ക്ക് എന്ത് സംഭവിക്കും എന്ന് നാം കണ്ടറിയുക തന്നെ വേണം. ഇതൊക്കെ ഭീകരമായ പ്രശ്നമായി അനുഭവപ്പെട്ട ഉടൻ തന്നെ നാം മാനേജ്മെന്റുമായി സംസാരിക്കുകയും ഗൗരവത്തിൽ കാണേണ്ടുന്ന ഇത്തരം വിഷയങ്ങൾ ലാഘവത്തോടെ കാണുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. ആ സാഹചര്യത്തിലും മാനേജ്മെന്റ് ആവർത്തിച്ചത് ഫണ്ട് ഇഷ്ടം പോലെയുണ്ട് എന്നായിരുന്നു.

**മാറിയ സാഹചര്യവും സംഘടന നിലപാടും:**

നമ്മുടെ ബാങ്കിന്റെ നാളിതുവരെയുള്ള ഏറ്റവും വലിയ ആകർഷണം മറ്റു ബാങ്കുകൾ നൽകുന്നതിനേക്കാൾ കൂടുതൽ പലിശ നൽകും എന്നതായിരുന്നു. എന്നാൽ അത് പഴങ്കഥയായി. കുറച്ചു നാളുകൾക്ക് മുമ്പ് ഒരു വർഷം കാലാവധിയുള്ള നിക്ഷേപങ്ങൾക്ക് മറ്റു ബാങ്കുകളിൽ ഉള്ളതുപോലത്തെ പലിശനിരക്കെങ്കിലും ഇവിടെയും നൽകണമെന്ന് നാം ആവശ്യപ്പെട്ടപ്പോൾ തലപ്പത്തിരിക്കുന്നവർ അഹങ്കാരത്തോടെ പറഞ്ഞത് സ്ഥിരം നിക്ഷേപം ഇപ്പോൾ ഉള്ളതുപോലെ മതി എന്നാണ്. എന്നാൽ പൊടുന്നനെ സ്ഥിതിഗതികൾ ആകെ മാറിവരുന്ന കാഴ്ചയാണ് നാം കാണുന്നത്. വെറും മൂന്നോ നാലോ മാസങ്ങൾക്കിപ്പുറം സ്ഥിതിഗതികൾ ഇത്രമേൽ ഗുരുതരമായ അവസ്ഥയിൽ എത്തണമെങ്കിൽ എത്രമാത്രം 'ദീർഘവീക്ഷണം' ഉള്ളവരാണ് നമ്മെ നയിക്കാൻ നിയോഗിക്കപ്പെട്ടത് എന്നോർത്ത് നാം പരിതപിക്കണം..!

നിക്ഷേപം മറ്റുബാങ്കുകളിലേക്ക് പോകാൻ തുടങ്ങിയാൽ നമുക്ക് പിടിച്ചു നിർത്താൻ വലിയ പ്രയാസമായിരിക്കുമെന്ന് നേരത്തെ തന്നെ സംഘടന സൂചന നൽകിയതാണ്. മുമ്പ് വായ്പ നിർത്തിവച്ച 'തുഗ്ലക്കിയൻ' പരിഷ്ക്കാരത്തിന് സമാനമായ അന്തരീക്ഷത്തിലൂടെയാണ് നമ്മുടെ ബാങ്ക് കടന്നുപോകുന്നത് എന്ന് ചുരുക്കം. CASA അടക്കമുള്ളവയെ ഇത് സാരമായി ബാധിക്കും എന്ന നമ്മുടെ മുന്നറിയിപ്പ് അവഗണനയോടെ തള്ളിക്കളഞ്ഞു. താൻ പിടിച്ച മുയലിനു മൂന്ന് കൊമ്പാണെന്നു ധരിക്കുന്ന ചെയർമാനും അതു ശരിവെക്കുന്ന ജനറൽ മാനേജർമാരും ഉള്ള കാലത്തോളം ഇവിടെ മറ്റൊന്ന് സംഭവിച്ചാൽ മാത്രമേ അത്ഭുതപ്പെടേണ്ടതുള്ളൂ. അതിനിടയിൽ 'പേറെടുക്കാൻ പോയയാൾ ഇരട്ട പെറ്റു' എന്ന് പറഞ്ഞതു പോലെയാണ് 'അക്കൗണ്ട് അഗ്രിഗേറ്റർ' നമ്മുടെ ബാങ്കിൽ നടപ്പിലാക്കിയത്. ഒരു മുന്നൊരുക്കമോ മുൻകരുതലോ ഇല്ലാതെ ഈ സിസ്റ്റം ചാടിക്കയറി നടപ്പിലാക്കിയത് വഴി 'ഭിക്ഷ കിട്ടിയതുമില്ല, പട്ടി കടിക്കുകയും ചെയ്തു' എന്ന് പറഞ്ഞതു പോലെ കയ്യിലുള്ളതും കൂടി നഷ്ടപ്പെടാൻ കാരണമായി.

കുറച്ചു നാളുകൾക്കു മുന്നേ മാനേജ്മെന്റ് പ്രതിനിധികൾക്കും വിംഗ് ഹെഡുമാർക്കും റീജിയണൽ മാനേജർമാർക്കും ലഭിച്ച നിർദ്ദേശം മറ്റെല്ലാ ജോലിയും മാറ്റിവെച്ച്, SSS സ്കീം ചേർക്കാൻ വേണ്ടി മുഴുവ നാളുകളും ഇറങ്ങണം എന്നാണ്. റോമാ നഗരം കത്തിയെരിയുമ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയെക്കുറിച്ച് നാം എല്ലാവരും കേട്ടറിവുള്ളതാണ്. അതിനെ ഓർമ്മിപ്പിക്കും വിധമുള്ള കാര്യങ്ങളാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത് എന്ന് സാരം. തങ്ങളുടെ കരിയർ മാത്രം സ്വപ്നം കാണുന്ന മാനേജ്മെന്റ് പ്രതിനിധികൾ ഏതൊരു സ്ഥാപനത്തിനും ബാധ്യതയാണ്. ഈ കാരണം കൊണ്ടു തന്നെ ജീവനക്കാരെ വിശ്വാസത്തിലെടുക്കാനോ വിമർശനാത്മകമായി ചില കാര്യങ്ങൾ സംഘടനകൾ ചൂണ്ടിക്കാണിച്ചാൽ അത് കൃത്യമായി പരിശോധിക്കാനോ ഇവിടുത്തെ മാനേജ്മെന്റ് തയ്യാറാവുന്നില്ല. ഇത്രയും ഗുരുതരമായ അലംഭാവം മാനേജ്മെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടായപ്പോഴും നമുക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞത് രൂക്ഷമായ സ്റ്റാഫ് ഷോർട്ടേജിനിടയിലും തിളക്കമാർന്ന പ്രകടനം കാഴ്ച വെക്കുന്ന ജീവനക്കാർ കാരണമാണ്. ബ്രാഞ്ചുകളിലെ ഏതൊരു പ്രതിസന്ധിയും മറികടന്ന് അവർ കൊയ്തെടുക്കുന്ന നിക്ഷേപമാണ് ഒരു പരിധി വരെ ഇത്തരം തെറ്റായ നയങ്ങൾ മൂലമുണ്ടാകുന്ന ശോഷണത്തെ പിടിച്ചു നിർത്താൻ നമുക്ക് താങ്ങാവുന്നത്.

ഈ പശ്ചാത്തലത്തിലാണ് മാനേജ്മെന്റ് നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കുന്നത്. അടുത്ത ദിവസം തന്നെ സംഘടനകളുടെ ഒരു മീറ്റിംഗ് വിളിച്ചു ചേർക്കാനും മാനേജ്മെന്റ് തീരുമാനിച്ചു. എന്നാൽ മാനേജ്മെന്റ് വിളിച്ചുചേർത്ത മീറ്റിംഗ് ആരംഭിക്കുന്നതിനു മുന്നേതന്നെ നമ്മുടെ സംഘടന SPD വിംഗ് ചുമതലയുള്ള ജനറൽ മാനേജരെ നേരിൽ കാണുകയും മാനേജ്മെന്റ് വച്ചുപുലർത്തുന്ന അലംഭാവത്തിലും നിഷ്ക്രിയത്വത്തിലും അതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ച ഒരുമണിക്കൂറിലധികം നീണ്ടു നിന്നു.

കഴിഞ്ഞ കാലങ്ങളിൽ എല്ലാം നിക്ഷേപ സമാഹരണത്തിനായി നിരവധി പ്രായോഗിക നിർദ്ദേശങ്ങൾ നമ്മുടെ സംഘടന മുന്നോട്ടുവച്ചിരുന്നു. അതിനെക്കുറിച്ചൊന്നു ചർച്ച ചെയ്യാനോ ഗൗരവത്തിൽ എടുക്കാനോ നാളിതുവരെ മാനേജ്മെന്റ് തയ്യാറായിട്ടില്ല. ഇത്തരമൊരു പരിതസ്ഥിതിയിലേക്ക് നമ്മുടെ ബാങ്കിനെ തള്ളിവിട്ടതിന്റെ കാരണക്കാർ ഇപ്പോൾ തലപ്പത്തിരിക്കുന്ന മാനേജ്മെന്റ് പ്രതിനിധികൾ മാത്രമാണ്. അവരുടെ തെറ്റായ ചെയ്തികളെ ശക്തിയുക്തം സംഘടന അപലപിക്കുന്നു.

**ജീവനക്കാരോട് നമ്മുടെ അഭ്യർത്ഥന:**

ഇത്തരം അപ്രിയ സത്യങ്ങൾ മുഖംനോക്കാതെ നാം തുറന്നു പറയുമ്പോൾ, മാനേജ്മെന്റ് നമ്മുടെ സംഘടനയെ ഒരു "trouble maker" ആയാണ് എന്നും കാണുന്നത്. പലപ്പോഴും അവർ അത് തുറന്നു പറഞ്ഞിട്ടുമുണ്ട്. എന്നാൽ നിലനിൽപ്പിനെ പോലും ചോദ്യം ചെയ്യുന്ന ഇത്തരമൊരവസ്ഥയിലും ചില സംഘടനകൾ വാക്കുകൊണ്ടോ നോക്കുകൊണ്ടോ പോലും മാനേജ്മെന്റിനെ ചോദ്യം ചെയ്യാൻ തയ്യാറാവാത്തത് മാനേജ്മെന്റിനെ സംബന്ധിച്ചത്തോളം ആശ്വാസകരമാണെങ്കിലും അത്തരം സംഘടനകളിൽ അംഗങ്ങളായ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണ്. അത് തിരിച്ചറിഞ്ഞ് നേതൃത്വത്തെ തിരുത്താൻ എല്ലാവരും തയ്യാറാവണം.

നമ്മുടെ ബാങ്ക് നമ്മുടേത് മാത്രമാണ് എന്ന് പലപ്പോഴും ബാങ്കധികാരികൾ നമുക്ക് കാണിച്ചുതരികയാണ്. ഈ ബാങ്ക് നിലനിൽക്കേണ്ടത് നമ്മുടെ ആവശ്യമാണ്, അല്ല നമ്മുടെ മാത്രം ആവശ്യമാണ്. ആരൊക്കെ ടൂറിസ്റ്റുകളെ പോലെ വന്നു പോയാലും ഇവിടെ സൃഷ്ടിക്കപ്പെടുന്ന പ്രതിസന്ധികൾ ബാധിക്കുന്നത് നമ്മുടെ ജീവിതത്തെ മാത്രമാണ്. ആയതിനാൽ, മാനേജ്മെന്റ് കെടുകാര്യസ്ഥതമൂലം നിക്ഷേപത്തിൽ ഉണ്ടായ ശോഷണം അല്ലെങ്കിൽ നിക്ഷേപത്തിൽ ആവശ്യമായ വർദ്ധന ഉണ്ടാകാത്ത അവസ്ഥ മാറ്റിയെടുക്കാനുള്ള  ഉത്തരവാദിത്തം നമ്മുടേത് മാത്രമാണ്. നമ്മുടെ ജീവനക്കാർ ഒരുമിച്ചു നിന്നാൽ ഏത് കൊലകൊമ്പനെയും ഞെട്ടിക്കുന്ന റിസൾട്ട് ഉണ്ടാക്കാൻ നമുക്ക് കഴിയുമെന്ന് പലഘട്ടങ്ങളിലും നാം തെളിയിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് നടന്ന NPA recovery അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. എന്നാൽ, ജീവനക്കാർ കഷ്ടപ്പെട്ട് നേടിയെടുത്ത കോടികളുടെ നിക്ഷേപം സ്വകാര്യ ഇൻഷുറൻസ് കമ്പനിക്ക് മറിച്ചു കൊടുക്കാൻ ഉന്നതർ നടത്തിയ ശ്രമവും ജീവനക്കാർ അത് പരാജയപ്പെടുത്തിയ സംഭവവും നടന്നത് ഈയടുത്ത നാളിലാണ് എന്ന് കൂടി നാം ഓർക്കണം.

സഖാക്കളെ, ഇനി നമ്മുടെ  ഊഴമാണ്. റിലേ മത്സരത്തിലെ ആദ്യത്തെ മൂന്ന് ലാപ്പും ബഹുദൂരം നമ്മുടെ ബാങ്കിനെ പുറകോട്ടടിപ്പിച്ച മാനേജ്മെന്റിന്റെ പിന്തിരിപ്പൻ നയങ്ങളെ അവസാന ലാപ്പിലെ തിളക്കമാർന്ന പ്രകടനം കൊണ്ട് നമുക്ക് മറികടക്കേണ്ടതുണ്ട്. ആവനാഴിയിലെ എല്ലാ അസ്ത്രങ്ങളും നമുക്ക് അതിനായി ഉപയോഗിക്കാം. എല്ലാകാലത്തും നമ്മുടെ സംഘടന ആവർത്തിക്കുന്ന അതെ ആപ്തവാക്യം, 'പണിയെടുക്കുമ്പോൾ ആത്മാർത്ഥമായി പണിയെടുക്കുക, പണി മുടക്കുമ്പോൾ ആത്മാർത്ഥമായി പണിമുടക്കുക'. ഇത് ശാശ്വതീകരിക്കുന്ന നിലയിൽ ഏറ്റവും മികച്ച രീതിയിൽ നിക്ഷേപം സമാഹരിക്കുകയും ആവശ്യക്കാർക്ക് മികച്ച സ്കീമുകൾ വഴി വായ്പകൾ നൽകുകയും നൽകിയ വായ്പകൾ മികവാർന്ന നിലയിൽ പിരിച്ചെടുക്കുകയും  ചെയ്തുകൊണ്ട് മാതൃകാപരമായ പ്രവർത്തനം കഴിഞ്ഞ കാലങ്ങളിൽ എന്നപോലെ ഇപ്പോഴും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് പ്രയോഗതലത്തിലേക്ക് എത്തിക്കാൻ സഖാക്കൾക്ക് സാധിക്കും എന്ന ഉറച്ച വിശ്വാസത്തോടെ,

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart